കൊല്ലം—ചാത്തന്നൂർ ചന്ത—കൊല്ലം—ഞാങ്കടവ്—കായംകുളം—ചക്കൽകടവ് റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ്

102 [141] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട ഡി. ബി. കോളേജ് വിദ്യാർത്ഥികളുടേയും, മറ്റു പൊതുജനങ്ങളുടേയും, ആവശ്യത്തിനുവേണ്ടി കൊല്ലം—ചാത്തന്നൂർ ചന്ത—കൊല്ലം—ഞാങ്കടവ്—കായംകുളം—ചീക്കൽകടവ് എന്നീ റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് തുടങ്ങാൻ ഉത്തരവ് നൽകിയിട്ടും സർവീസ് തുടങ്ങാതിരിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഉടനെ ഈ സർവ്വീസ്സുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എയും ബിയും) പ്രസ്തുത സർവ്വീസ് തുടങ്ങുന്നതിനുള്ള ഉത്തരവുകൾ നൽകിയിട്ടില്ല. വാഹനങ്ങളുടെ അപര്യാപ്തതമൂലമാണ് ഉത്തരവ് നൽകാതിരുന്നത്. കായംകുളം—ചീക്കൽകടവ് സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി കോർപ്പറേഷന്റെ പരിഗണനയിലാണ്.

ബസ് ചാർജ് വർദ്ധിപ്പിക്കാതിരിക്കാൻ നടപടി

103 [142] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽവില വർദ്ധനവിന്റെ പേരിൽ സംസ്ഥാനത്തെ ട്രാൻസ്പോർട്ടു ബസ്സിലെ യാത്രക്കൂലി വർദ്ധിപ്പിക്കാൻ വേണ്ട നടപടി എടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചു കെ. എസ്. ആർ. ടി. സി. ജനറൽ മാനേജരുടെ അടുത്തകാലത്തെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രാൻസ്പോർട്ടു ബസ്സിലെ യാത്രക്കൂലി നിരക്കു വർദ്ധിപ്പിക്കുന്നതുമൂലം സംസ്ഥാനത്തെ സ്വകാര്യബസ് ഉടമകൾക്ക് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള തടസ്സമില്ലെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തു ബസ് ചാർജ് വർദ്ധിപ്പിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) യാത്രക്കൂലി വർദ്ധനവ് പരിഗണിക്കേണ്ടിവന്നാൽ ഇക്കാര്യങ്ങളും കണക്കിലെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly